DESPATCHED
On...15/06/2020

08/06/2020

## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1121*(2)/2018*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **4906**/*എസ്.ഐ.സി-ജി 6/18*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ഗ്രേസി വില്ല്യംബീഡ്,
പാനാട്, കനോസ നഗർ റോഡ്,
ഇടക്കൊച്ചി – 682 010.
} അപ്പീൽ ഹർജിക്കാരി

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
   സൂപ്രണ്ട്,
   നേര്യമംഗലം ജില്ലാ കൃഷിത്തോട്ടം,
   നേര്യമംഗലം – 686 693.

2. അപ്പീൽ അധികാരി&
   പ്രിൻസിപ്പൽ കൃഷി ഓഫീസർ,
   സിവിൽ സ്റ്റേഷൻ, എറണാകുളം,
   കാക്കനാട് പി.ഒ., കൊച്ചി.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 23.01.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 05.02.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 27.03.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 25.04.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 08.05.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 10.05.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 02.03.2020 ഗസ്റ്റ് ഹൗസ്, എറണാകുളം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

<u>ഉത്തരവ്</u>

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി ഗ്രേസി വില്ല്യം ബീഡ്, 08.05.2018ന് സമർപ്പിച്ച അപ്പീൽ ഹർജി 10.05.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1121(2)/18/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് യാതൊരു മറുപടിയും ലഭിക്കാത്തതിനാൽ 10.03.2018ൽ വീണ്ടും കത്തയച്ച സാഹചര്യത്തിൽ 16.04.2018ൽ നേരിട്ട് ഹാജരാകാൻ നോട്ടീസ് നൽകിയിരുന്നുവെന്നും എറണാകുളത്തു താമസിക്കുന്ന ടിയാൾ നേര്യമംഗലം ഫാമിൽ പോയെങ്കിലും വളരെ മോശമായാണ് ഉദ്യോഗസ്ഥർ ടിയാളോട് പെരുമാറിയതെന്നുമാണ്. തുടർന്ന് 27.03.2018ൽ ഒന്നാം അപ്പീൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 12.04.2018ന് ജില്ലാ കൃഷി ഓഫീസിൽ വച്ച് ഹിയറിംഗ് നടത്തുകയും ഒന്നാം എതിർകക്ഷിയോട് ടിയാൾക്ക് 24.04.2018നകം മറുപടി ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. 24.04.2018ന് വീണ്ടും ഓഫീസിലെത്തിയ ടിയാൾക്ക് മോശമായ പെരുമാറ്റമാണ് ഉണ്ടായതെന്നും രണ്ടാം എതിർകക്ഷിയുടെ നിർദ്ദേശമുണ്ടായിട്ടും യാതൊരു മറുപടിയും നൽകാത്ത ഒന്നാം എതിർകക്ഷിയ്ക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരി 23.01.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, മെഡിക്കൽ റീ ഇംബേഴ്സ്മെന്റുമായി ബന്ധപ്പെട്ടു നൽകിയിട്ടുള്ള അപേക്ഷകളുടെ മുഴുവൻ പകർപ്പുകളും അതിനെതുടർന്ന് ടി ഓഫീസിൽ നിന്നും മേൽ ഓഫീസുകളിലേയ്ക്ക് അയച്ചിട്ടുള്ള മുഴുവൻ രേഖകളുടെയും പകർപ്പുകളും നൽകണമെന്നും പ്രൊവിഡന്റ് ഫണ്ട് ലോണുകൾ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും രേഖകളുടെ മുഴുവൻ പകർപ്പുകളും നൽകണമെന്നും തുടങ്ങി 9 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 05.02.2018ന് നൽകിയ മറുപടിയിൽ ഹർജിക്കാരിയ്ക്ക് മറുപടി നൽകുന്നതിനായി മുഴുവൻ രേഖകളും പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി കാലതാമസം ഉണ്ടെന്നും

ആയതിനാൽ ഹർജിക്കാരിയ്ക്ക് ടി ഓഫീസിൽ നേരിട്ട് ഹാജരായി പരിശോധിക്കാവുന്നതാണെന്നും ആവശ്യമായവ പകർപ്പ് ഫീസൊടുക്കിയാൽ നൽകുമെന്നുമാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 25.04.2018ന് നൽകിയ മറുപടിയിൽ ഹർജിക്കാരിയുടെ അപേക്ഷയിന്മേൽ നേരിട്ട് പരിശോധിക്കാനുള്ള സൗകര്യം നൽകാമെന്ന് ഒന്നാം എതിർകക്ഷി അറിയിച്ചിരുന്നെങ്കിലും അതുപ്രകാരം ഓഫീസിലെത്തിയപ്പോൾ തിരക്കാണെന്നു അറിയിച്ച് രേഖകൾ പരിശോധിക്കുന്നതിന് അനുവദിച്ചില്ലെന്നും തനിയ്ക്ക് സൗകര്യപ്രദമായ തീയതി എതിർകക്ഷിയെ തപാൽ മുഖേന അറിയിച്ചുവെങ്കിലും മറുപടി നൽകിയില്ലെന്നുമാണ് ഹർജിക്കാരിയുടെ അപ്പീലിന്മേലുള്ള ആക്ഷേപം. ടി അപേക്ഷയിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഒന്നാം എതിർകക്ഷിയെയും ഹർജിക്കാരനെയും ഉൾപ്പെടുത്തി ഹിയറിംഗ് നടത്തുന്നതിന് തീരുമാനിക്കുകയും ടി വിവരം ഇരുകക്ഷികളെയും അറിയിയിക്കുകയും ചെയ്തു. കൂടാതെ ഇരുകക്ഷികളെയും ഉൾപ്പെടുത്തി 18.04.2018ന് ഹീയറിംഗ് നടത്തിയതിൽ രേഖകൾ നേരിട്ട് ഹാജരായി പരിശോധിക്കാമെന്ന് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അപാകതകളില്ലെന്നും എന്നാൽ രേഖകൾ പരിശോധിക്കാൻ സമയം അനുവദിക്കാതിരുന്നത് തെറ്റായ നടപടിയാണെന്നും രണ്ടാം എതിർകക്ഷി വിലയിരുത്തുന്നു. എന്നാൽ സാമ്പത്തിക വർഷം അവസാനമായതിനാലുള്ള തിരക്കുകൾ മൂലമാണ് സമയം അനുവദിക്കാൻ സാധിക്കാതിരുന്നത് എന്ന് ഒന്നാം എതിർകക്ഷി അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി ദിവസങ്ങൾ അനുവദിക്കുന്നതിന് ബുദ്ധിമുട്ടുണ്ടെങ്കിലും സൗകര്യ പ്രദമായ മറ്റൊരു ദിവസം അപ്പീൽവാദിയെ അറിയിക്കാമായിരുന്നുവെന്ന് രണ്ടാം എതിർകക്ഷി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ച മേലിൽ ആവർത്തിക്കരുതെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ടി നിർദ്ദേശം പാലിച്ചു കൊണ്ട് ഏപ്രിൽ മാസത്തിൽ തീയതി അനുവദിക്കുന്നതിന്റെ ഭാഗമായി 24.04.2018ൽ രേഖകൾ പരിശോധിക്കാൻ ഹർജിക്കാരി തയ്യാറാണെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ സൗകര്യങ്ങൾ ടിയാൾക്ക് ഏർപ്പെടുത്തണമെന്ന് നിർദ്ദേശിച്ച് ഒന്നാം അപ്പീൽ തീർപ്പാ,ക്കി ഉത്തരവായെന്നുമാണ്.

4. 20.12.2018ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരി ആവശ്യപ്പെട്ടിരുന്ന രേഖകളുടെ പകർപ്പ് നൽകുന്നതിനായി ബന്ധപ്പെട്ട ഒട്ടനവധി ഫയലുകൾ പരിശോധിക്കേണ്ടതിനാലും റിപ്പോർട്ട് നൽകുന്നതിൽ കാലതാമസം വന്നു വെന്നും ആയതിനാൽ ഓഫീസിൽ നേരിട്ട് ഹാജരായി പരിശോധിക്കുന്ന തിനും ആവശ്യമായവയുടെ മാത്രം പകർപ്പുകൾ ഫീസൊടുക്കി കൈപ്പറ്റു ന്നതിനും നിർദ്ദേശിച്ച് മറുപടി നൽകിയെന്നും ആയതിനാൽ ടിയാൾക്ക് യാതൊരു മറുപടിയും ലഭിച്ചില്ല എന്ന കമ്മീഷൻ മുമ്പാകെയുള്ള പരാ മർശം വസ്തവ വിരുദ്ധമെന്നാണ്. ടി മറുപടിയുടെ അടിസ്ഥാനത്തിൽ ഹർജിക്കാരി 2018 മാർച്ച് 22, 23, 24, എന്നീ തീയതികളിലേതെങ്കിലും ഫയൽ പരിശോധിക്കാൻ അനുവദിക്കണമെന്ന് വീണ്ടും അപേക്ഷ സമർപ്പിച്ചിരുന്നു വെങ്കിലും സാമ്പത്തിക വർഷാവസാനത്തെ ജോലിത്തിരക്കിനിടയിൽ ടിയാ ളുടെ കൂടെ സമ്മതത്തോടെ 16.04.2018ന് പരിശോധന നടത്താമെന്ന് ധാരണ യാകുകയും ആയതുപ്രകാരം 22.03.2018ന് ടിയാൾക്ക് രജിസ്റ്റേർഡ് കത്തു നൽകുകയും 27.03.2018ൽ ടിയാൾ കൈപ്പറ്റിയിട്ടുണ്ടെന്നുമാണ്. കൂടാതെ ടിയാൾ വീണ്ടും അപ്പീൽ സമർപ്പിക്കുകയും ടി അപ്പീലിന്മേൽ നടത്തിയ ഹിയറിംഗിൽ ടിയാൾ ആവശ്യപ്പെട്ടതു പ്രകാരം 310 കോപ്പി എടുത്ത് തയ്യാ റാക്കി വച്ചെങ്കിലും ടിയാൾ രേഖകളൊന്നും കൈപ്പറ്റാതെയും ഫീസൊടു ക്കാതെയും ഓഫീസിൽ നിന്നും ഇറങ്ങിപ്പോകുകയാണ് ചെയ്തത തെന്നുമാണ്. എന്നാൽ രണ്ടാം എതിർകക്ഷിയുടെ നിർദ്ദേശപ്രകാരം തയ്യാ റാക്കി വച്ച രേഖകളുടെ പകർപ്പ് 670/- രൂപ ഒടുക്കി 17.05.2019ന് ടിയാൾക്ക് നൽകുകയും മുഴുവൻ രേഖയും ടിയാൾ കൈപ്പറ്റുകയും ചെയ്തു. കൂടാതെ ടി ഓഫീസിലെ ജീവനക്കാരെ വിശ്വാസമില്ലെന്ന് ആരോപിച്ചതി നാൽ ശ്രീ. വില്ല്യം ബേഡിന്റെ പെൻഷൻ ബുക്കും പി.എഫ്.ക്ലോഷർ ബില്ലു കളും ടിയാൾ നിർദ്ദേശിച്ച ആൾ മുഖേനയാണ് തയ്യാറാക്കി നൽകിയിരുന്ന തെന്നും വളരെയധികം ജോലി ഭാരമുള്ള ടി ഓഫീസിലെ തിരക്കുകൾക്കിട യിലും എല്ലാ രേഖകളുടെയും പകർപ്പ് എടുത്ത് ടിയാളെ അറിയിച്ചിട്ടു പോലും ധിക്കാരപരമായി ഓഫീസിൽ നിന്നും ഇറങ്ങിപ്പോകുകയും ടിയാൾ സമർപ്പിച്ച അപേക്ഷയിൽ യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ലെന്ന വാസ്തവ വിരുദ്ധമായ പ്രസ്താവന നടത്തി കമ്മീഷനെ തെറ്റിദ്ധരിപ്പിക്കു

യാണ് ചെയ്തതെന്നും ഹർജിക്കാരിയുടെ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും ഹർജിക്കാരിയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും ഹർജിക്കാരിയ്ക്ക് രേഖകളെല്ലാം ലഭ്യമായതായി കമ്മീഷൻ നിരീക്ഷിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ജൂൺ 08-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/